നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

ന്യൂസ്‌ലെറ്റർ

2024 മേയ് വാല്യം 1 & 2

ഓൺലൈൻ വായനയ്ക്ക്

33

## കേരളവുമായി സഹകരിക്കാൻ താൽപ്പര്യം അറിയിച്ച് യു.എസ്. എംബസി മിനിസ്റ്റർ കൗൺസിലർ

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ന്യൂഡൽഹി യു.എസ്. എംബസിയിലെ പൊളിറ്റിക്കൽ അഫയേഴ്സ് മിനിസ്റ്റർ കൗൺസിലർ ഗ്രഹാം മേയറുമായി സെക്രട്ടറിയേറ്റിൽ ചർച്ച നടത്തി. ജന്തുജന്യ രോഗ പ്രതിരോധത്തിലും ജെറിയാട്രിക് കെയറിലും കേരളവുമായി സഹകരിക്കാൻ തയ്യാറാണെന്ന് ഗ്രഹാം മേയർ പറഞ്ഞു. ഇതുസംബന്ധിച്ച് കൂടുതൽ ചർച്ച



നടത്തി തീരുമാനമെടുക്കുന്നതാണ്. കേരളത്തിന്റെ ആരോഗ്യ മേഖല കൈവരിച്ച നേട്ടങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. പൊതുജനാരോഗ്യ രംഗത്തും പകർച്ചവ്യാധി പ്രതിരോധത്തിലും കേരളം നടത്തുന്ന പ്രവർത്തനങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു. ചിട്ടയായ പ്രവർത്തനങ്ങളാണ് ആരോഗ്യ മേഖലയിൽ നടന്നു വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളിൽ വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. സ്ത്രീകളുടെ ആരോഗ്യത്തിന് പ്രത്യേക പദ്ധതിയാവിഷ്ക്കരിച്ചു. രാജ്യത്ത് മാതൃ, ശിശു മരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. വയോജനങ്ങളുടെ പരിപാലത്തിനും ചികിത്സയ്ക്കും മുൻഗണന നൽകുന്നു. പാലീയേറ്റീവ് പരിചരണ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധത്തിനായി ആർദ്രം ജീവിതശൈലീ രോഗനിർണയ കാമ്പയിനിലൂടെ പരിശോധനയും ചികിത്സയും ഉറപ്പാക്കി. രോഗ പ്രതിരോധത്തിന് പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാനത്ത് 1000 യോഗ ക്ലബ്ബുകൾ ആരംഭിച്ചു. കോവിഡ് പ്രതിരോധത്തിൽ കേരളം മാതൃകയായി. ജന്തുജന്യ രോഗങ്ങളുൾപ്പെടെയുള്ള പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനായി രാജ്യത്ത് ആദ്യമായി വൺ ഹെൽത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ആരോഗ്യ രംഗത്തെ പുതിയ വെല്ലുവിളികൾ നേരിടാനുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് വരുന്നതായും മന്ത്രി വ്യക്തമാക്കി.

## അവധിക്കാല അധ്യാപക പരിശീലനം

ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നമ്മൾ ഏറ്റെടുക്കുകയാണെന്ന് അവധിക്കാല അധ്യാപക ശാക്തീകരണ പരിപാടിയുടെ ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്തുകൊണ്ട് വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് ഐ.എ.എസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ എ. ഷാനവാസ് ഐ.എ.എസ്., സമഗ്ര ശിക്ഷ കേരളയുടെ ഡയറക്ടർ ഡോ. സുപ്രിയ എ.ആർ., എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ജയപ്രകാശ് ആർ.കെ., എസ്.ഐ.ഇ.ടി. ഡയറക്ടർ അബുരാജ് തുടങ്ങി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വിദ്യാഭ്യാസ ഉദ്യോഗസ്ഥർ പങ്കെടുത്തു. തിരുവനന്തപുരം ശിക്ഷക് സദനിൽ 2024 മെയ് മാസം രണ്ടാം തീയതി നടന്ന ശില്പശാലയിൽ അവധിക്കാലത്ത് സംഘടിപ്പിക്കേണ്ടതായ അധ്യാപക പരിശീലനത്തിന്റെ ചിട്ടയായ ക്രമം രൂപപ്പെടുകയുണ്ടായി.




## ഹരിതസമൃദ്ധി വാർഡ് പ്രഖ്യാപനം



തിരുവനന്തപുരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ഈഴക്കോട് വാർഡിനെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലാലി മുരളി ഹരിതസമൃദ്ധി വാർഡ് ആയി പ്രഖ്യാപിച്ചു. വാർഡ് മെമ്പർ തങ്കമണി അധ്യക്ഷത വഹിച്ചു. കൃഷി ഓഫിസർ ലക്ഷ്മി റിപ്പോർട്ട് അവതരണം നടത്തുകയും വീടുകളിൽ നിന്നും കർഷകർ എത്തിച്ച പയർ, വെണ്ട, വഴുതന, ചീര തുടങ്ങിയ പച്ചക്കറികൾ പ്രസിഡന്റിനും ബ്ലോക്ക് മെമ്പർക്കും കൈമാറുകയും ചെയ്തു. ബ്ലോക്ക് മെമ്പർ ബിജുദാസ് പഞ്ചായത്ത് പ്രസിഡന്റിന് സർട്ടിഫിക്കറ്റ് കൈമാറി.

## പച്ചത്തുരുത്ത് ടാക്സോണമി ശില്പശാല

അക്ഷരം ക്യാമ്പസിലെ സസ്യവൈവിധ്യം പകർത്താനായി ടാക്സോണമി ശില്പശാല സംഘടിപ്പിച്ചു. മലപ്പുറം തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ അക്ഷരം ക്യാമ്പസിലെ പച്ചത്തുരുത്തുകളിലെ ചെടികളുടേയും മരങ്ങളുടേയും ഡിജിറ്റൽ ഡോക്യുമെന്റേഷനായി ഹരിതകേരളം മിഷന്റേയും പരിസ്ഥിതിപഠന സ്കൂളിന്റേയും ആഭിമുഖ്യത്തിൽ ടാക്സോണമി ശില്പശാല സംഘടിപ്പിച്ചു. പ്രശസ്ത ടാക്സോണമിസ്റ്റും തൃശൂർ സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. ജോബി പോൾ ടാക്സോണമി ശില്പശാലക്ക് നേതൃത്വം നൽകി. പരിസ്ഥിതിപഠന സ്കൂൾ ഡയറക്ടർ ഡോ. അരുൺ ബാബു വി. അധ്യക്ഷത വഹിച്ചു. അക്ഷരം ക്യാമ്പസിലെ വിവിധ പച്ചത്തുരുത്തുകളിലെ 150 ലധികം സസ്യങ്ങളെ തിരിച്ചറിയുകയും ശാസ്ത്രീയമായി വർഗീകരിക്കുകയും ചെയ്തു. തുടർന്ന് ആ വിവരസഞ്ചയത്തെ ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനുള്ള സാങ്കേതിക ഉപകരണങ്ങളും വിദ്യാർത്ഥികൾക്ക് ഡോ. ജോബി പോൾ സർ പരിചയപ്പെടുത്തി നൽകി. പരിസ്ഥിതിപഠന സ്കൂളിലെ വിദ്യാർത്ഥികളും ഗവേഷകരും ശില്പശാലയിൽ പങ്കെടുത്തു.

# പാമ്പാക്കുടയിൽ ജലബജറ്റ്

## ബ്ലോക്ക് കൺവെൻഷനും സാങ്കേതിക സമിതി യോഗവും

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്കിൽ ജലബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി കൺവെൻഷനും സാങ്കേതിക സമിതി യോഗവും ചേർന്നു. ബ്ലോക്ക് വൈസ് പ്രസിഡന്റ് എൽസി ടോമി അധ്യക്ഷത വഹിച്ച യോഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത എൽദോസ് ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി എറണാകുളം ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്.




ആമുഖ അവതരണം നടത്തിയ യോഗത്തിൽ സി.ഡബ്ല്യു.ആർ.ഡി.എം. റിട്ടയർ സയന്റിസ്റ്റ് സി.എം. സുഷാന്ത്, സയന്റിസ്റ്റ് വിവേക് എന്നിവർ ജല ബജറ്റിന്റെ പ്രാധാന്യം അവതരിപ്പിച്ചു. പാലക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എ. ജയ, തിരുമാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സന്ധ്യ മോൾ പ്രകാശ് തുടങ്ങിയവർ സംസാരിച്ചു. ഒരു പ്രദേശത്തെ ജലലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ജലബജറ്റ് ഇന്ത്യയിൽ ആദ്യമായി തയ്യാറാക്കുന്ന സംസ്ഥാനമാണ് കേരളം. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നവകേരളം കർമപദ്ധതി - 2, ഹരിതകേരളം മിഷൻ, സി.ഡബ്ല്യൂ.ആർ.ഡി.എം. എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

# രോഗവ്യാപനം കണ്ടെത്താൻ ഇനി സംയോജിത പരിശോധന

മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം നേരത്തെ കണ്ടെത്താനും സ്ഥിരീകരിക്കാനും നിയന്ത്രിക്കാനും ആരോഗ്യവകുപ്പിനൊപ്പം വിവിധ വകുപ്പുകളും പങ്കാളികളാകുന്ന സംയോജിത പരിശോധനകൾക്ക് (ജോയിന്റ് ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ) ആവശ്യമായ മാർഗ്ഗരേഖ (സ്റ്റാൻഡേർഡ് ഓപറേറ്റിങ് പ്രൊസീജിയർ) തയാറാക്കുന്നതിന് സെന്റർ ഫോർ വൺ ഹെൽത്തിന്റെ നേതൃത്വത്തിൽ ശിൽപശാല നടത്തി. ആരോഗ്യ വകുപ്പിന് പുറമെ മൃഗസംരക്ഷണം, കൃഷി, മലിനീകരണ നിയന്ത്രണം, ഭക്ഷ്യസുരക്ഷ, ക്ഷീര വികസനം, ഫിഷറീസ്, ജല അതോറിറ്റി, വനം, മെഡിക്കൽ എജ്യുക്കേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ശിൽപശാലയിൽ പങ്കെടുത്തു. ഏകാരോഗ്യ സമീപനത്തിൽ ഊന്നിയുള്ള പ്രവർത്തന മാർഗരേഖ തയാറാകുന്നതോടെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, വിവരകൈമാറ്റം, രോഗ നിയന്ത്രണ നടപടികൾ എന്നിവ സുഗമമാകും.

ആർദ്രം മിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ പ്രധാന പദ്ധതികളിലൊന്നാണ് ഏകാരോഗ്യം. കേരളത്തിൽ കൂടുതലായി




പടർന്നുപിടിക്കുന്നതും, മുൻഗണന നൽകേണ്ടതുമായ രോഗങ്ങൾ (എലിപ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സിക്ക, പക്ഷിപ്പനി, മസ്തിഷ്കജ്വരം, വയറിളക്ക രോഗങ്ങൾ, ജപ്പാൻ ജ്വരം, വെസ്റ്റ് നൈൽ ഫീവർ, കുരങ്ങുപനി, നിപ്പ തുടങ്ങിയ രോഗങ്ങൾ) കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തുന്ന പരിശോധനക്കുള്ള മാർഗ്ഗരേഖയാണ് തയാറാക്കുന്നത്. മുമ്പ് പക്ഷിപ്പനി വ്യാപിക്കുമ്പോൾ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയിരുന്നത്. എന്നാൽ പുതിയ മാർഗ്ഗരേഖ തയാറാകുന്നതോടെ മൃഗസംരക്ഷണ വകുപ്പിനൊപ്പം ആരോഗ്യം, തദ്ദേശ സ്വയംഭരണം, കൃഷി, ഭക്ഷ്യസുരക്ഷ തുടങ്ങിയ വകുപ്പുകൾ സംയോജിതമായി പരിശോധന നടത്തുകയും വിവരങ്ങൾ പങ്കുവെക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യും. തൈക്കാട് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയറിൽ ഏപ്രിൽ 16,17 തീയതികളിലായി നടന്ന ശിൽപശാലയിൽ ആരോഗ്യ കുടുംബക്ഷേമവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. റീന കെ.ജെ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ഡോ. റീത്ത കെ. പി, കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം റീജണൽ ഡെപ്യൂട്ടി ഡയറക്ടർ ഡോ. രുചി ജെയ്ൻ, സെന്റർ ഫോർ വൺ ഹെൽത്ത് ഡയറക്ടർ ഡോ. വി. ജിതേഷ്, ഏകാരോഗ്യം പരിപാടി സംസ്ഥാന നോഡൽ ഓഫീസർ ഡോ. അജൻ എം.ജെ. എന്നിവർ സംസാരിച്ചു.

## ആർദ്രം

683 പ്രാഥമിക
ആരോഗ്യ കേന്ദ്രങ്ങൾ
കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി

66 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ
ബ്ലോക്ക് കുടുംബാരോഗ്യ
കേന്ദ്രങ്ങളാക്കി

50 നിയോജക മണ്ഡലങ്ങളിൽ
ഐസൊലേഷൻ വാർഡുകൾ

ജീവിതശൈലീ രോഗനിർണ്ണയ
സർവെ ഒന്നാംഘട്ടം പൂർത്തിയായി.
രണ്ടാം ഘട്ടത്തിലേയ്ക്ക്

ഏകാരോഗ്യം : 250000
സന്നദ്ധ പ്രവർത്തകർക്ക്
പരിശീലനം നൽകി.

## ഹരിതകേരളം മിഷൻ

164 ഗ്രാമപഞ്ചായത്തുകളിൽ
തരിശുരഹിത ഗ്രാമം പദ്ധതി,
2950 പച്ചത്തുരുത്ത്

92 ഗ്രാമപഞ്ചായത്തുകളിൽ
നെറ്റ് സീറോ കാർബൺ
പ്രവർത്തനങ്ങൾ

312 തദ്ദേശ സ്വയംഭരണ
സ്ഥാപനങ്ങളിൽ നീരുറവ്
436 തദ്ദേശ സ്വയംഭരണ
സ്ഥാപനങ്ങളിൽ ജലബജറ്റ്
230 ഗ്രാമപഞ്ചായത്തുകളിൽ
മാപത്തോൺ

8518 ഹരിതസ്ഥാപനങ്ങൾക്ക്
ഹരിതപദവി
79 ഹരിതടൂറിസം
കേന്ദ്രങ്ങൾ

# നവ കേരളം കർമപദ്ധതി

## വിദ്യാകിരണം

100 വിദ്യാലയങ്ങളിൽ
ശിശു സൗഹൃദ
ഗണിത ശാസ്ത്ര പഠനം
(മഞ്ചാടി)

5 കോടി ഫണ്ടിൽ,
137 വിദ്യാലയങ്ങൾ
പൂർത്തീകരിച്ചു

3 കോടി ഫണ്ടിൽ,
167 വിദ്യാലയങ്ങൾ
പൂർത്തീകരിച്ചു

1 കോടി ഫണ്ടിൽ,
184 വിദ്യാലയങ്ങൾ
പൂർത്തീകരിച്ചു

## ലൈഫ് മിഷൻ

മനസ്സോടിത്തിരി മണ്ണ്
1588 സെന്റ്
രജിസ്റ്റർ ചെയ്തു

403558
വീടുകൾ പൂർത്തീകരിച്ചു

27 ഭവന സമുച്ചയങ്ങളിൽ
4 എണ്ണം പൂർത്തീകരിച്ചു

886
കുടുംബങ്ങൾ
പുനഃരധിവസിക്കപ്പെട്ടു

# നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം : ജില്ലാതല ക്വിസ് മത്സരത്തിൽ ആവേശകരമായ പങ്കാളിത്തം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ജൈവവൈവിധ്യ പഠനോത്സവ ക്വിസിന്റെ ജില്ലാതല മത്സരം വിവിധ കേന്ദ്രങ്ങളിലായി നടന്നു. ജില്ലാതലത്തിൽ വിജയികളായ 60 ഓളം പേരെ പങ്കെടുപ്പിച്ചാണ് മൂന്നു ദിവസങ്ങളിലായി അടിമാലിയിലെ ജൈവവൈവിധ്യ കേന്ദ്രത്തിലും മൂന്നാറിലുമായി ജൈവവൈവിധ്യ പഠനോത്സവം. ലോക ജൈവവൈവിധ്യ ദിനചാരണത്തോടനുബന്ധിച്ചാണ് പരിപാടി. ഇടുക്കി ജില്ലയിലെ അടിമാലിയിൽ യു.എൻ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനകേന്ദ്രത്തിന്റെ കമ്യൂണിറ്റിതല പരിപാടികളുടെ ഭാഗമായാണ് ക്വിസ് മത്സരം സംഘടിപ്പിച്ചതും തുടർന്നുള്ള പഠനോത്സവവും. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു ക്വിസ് മത്സരം സംഘടിപ്പിച്ചത്. ബ്ലോക്ക് -കോർപറേഷൻ തലത്തിൽ പങ്കെടുത്ത 9000 ത്തോളം പേരിൽ നിന്നും മത്സര വിജയികളായ 676 കുട്ടികളെ പങ്കെടുപ്പിച്ചാണ് ജില്ലാതല ക്വിസ് മത്സരം ജില്ലാകേന്ദ്രങ്ങളിൽ സംഘടിപ്പിച്ചത്. ജൈവവൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള അവബോധം കുട്ടികളിലെത്തിക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി. അടിമാലിയിലെ നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പച്ചത്തുരുത്തുകളും അതിലെ ജൈവവൈവിധ്യവും പഠനോത്സവ ക്യാമ്പിന്റെ പ്രധാന ഘടകമാണ്. വിനോദവും വിജ്ഞാനവും കോർത്തിണക്കി ശില്പശാലകൾ, കുട്ടികളുടെ പഠനങ്ങൾ, ഫീൽഡ് പ്രവർത്തനങ്ങൾ, പാട്ടുകൾ, കളികൾ, നൈപുണ്യ വികസനം എന്നിവ ഉൾപ്പെടുത്തിയാണ് പഠന ക്യാമ്പ്.

## തിരുവനന്തപുരം

നീലക്കുറിഞ്ഞി ജില്ലാതല ക്വിസ് മത്സരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. 47 കുട്ടികൾ പങ്കെടുത്ത മത്സരത്തിൽ 4 കുട്ടികളെ വിജയികളായി തിര



ഞ്ഞെടുത്തു. വിജയികളായവർ അഭിജിത്ത് ജി.എസ്. (GHSS നെയ്യാറ്റിൻകര), മിത്ര എസ്. (കാർമൽ HSS വഴുതക്കാട്), ആരോൺ പ്രദീപ് (ദർശന HSS നെടുമങ്ങാട്), അലീന ബി ക്ളീറ്റ്സ് (GHS ജവഹർ കോളനി). ജില്ലാതലത്തിൽ വിജയികളായ കുട്ടികൾക്ക് ജില്ലാ കളക്ടർ ജെറോമിക് ജോർജ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## കൊല്ലം

നീലക്കുറിഞ്ഞി കൊല്ലം ജില്ലാതല ക്വിസ് മത്സരത്തിൽ അഭിനവ് എ.എസ്. (അഞ്ചൽ



ബ്ലോക്ക്), ഭൂമിക ആർ. (ഓച്ചിറ ബ്ലോക്ക്) കൃഷ്ണജിത് എച്ച്. (പത്തനാപുരം ബ്ലോക്ക്) അമൃത എസ്.പി. (കോർപ്പറേഷൻ)എന്നിവർ വിജയികളായി.

## പത്തനംതിട്ട

കാതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ക്വിസ് മത്സരത്തിൽ നിരഞ്ജൻ ഉല്ലാസ് (റാന്നി ബ്ലോക്ക്), അമേയ



പി. ലക്ഷ്മി (പത്തനംതിട്ട ബ്ലോക്ക്), അമേയ സുനിൽ (പന്തളം ബ്ലോക്ക്), ശ്രീലക്ഷ്മി ജി. (അടൂർ ബ്ലോക്ക്) എന്നിവർ വിജയികളായി. വിജയികൾക്ക് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സർട്ടിഫിക്കറ്റ് നൽകി.

## ആലപ്പുഴ

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിൽ നടന്ന ക്വിസ് മത്സരത്തിൽ ആയുഷ് ആർ.



കുമാർ, അഭിനവ്കൃഷ്ണ ആർ. അദ്വൈത് എസ്., അശ്വിന്വി നായർ എന്നിവരാണ് വിജയികളായത്. വിജയികൾക്ക് ജില്ലാ പ്ലാനിംഗ് ഓഫീസർ എം.പി. അനിൽ കുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## കോട്ടയം

കോട്ടയം എം.ഡി സെമിനാരി ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന മത്സരത്തിൽ ക്വിസ് മാസ്റ്റർ ഡേവിഡ് രാജു വിജയി



കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. അലൻ സിനു (ഉഴവൂർ ബ്ലോക്ക്), കാർത്തിക് പി ( ഉഴവൂർ ബ്ലോക്ക്) ലക്ഷ്മി പ്രിയ എ.വി. (പള്ളം ബ്ലോക്ക്), ജൂണാ ബൈജു (വൈക്കം ബ്ലോക്ക്) എന്നിവർ വിജയികളായി.

## ഇടുക്കി

ഇടുക്കി ജില്ലയിൽ വിജയികളായ മത്സരാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് ജില്ലാ ഡെപ്യൂട്ടി പ്ലാനിങ് ഓഫീസർ കെ ജെ



ബിനുമോൻ വിതരണം ചെയ്തു. എസ്. ഗൗരി കല്യാണി, (ഗവ. ഹൈസ്കൂൾ അടിമാലി), ഹൃദ്യാ ബിനോ (ഗാന്ധിജി ഗവൺമെന്റ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഇരട്ടയാർ), പി.ആർ. ഐഷ നൗല (വിമല ഹൈസ്കൂൾ വിമലഗിരി), പ്രഭഞ്ച് എൻ.ജെ. (എസ്.എസ്.എച്ച്.എസ്. രാമക്കൽമേട്) എന്നിവർ സംസ്ഥാനതല ജൈവവൈവിധ്യ പഠനോത്സവ ക്യാമ്പിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു.

## എറണാകുളം

നീലക്കുറിഞ്ഞി ജൈവ വൈവിധ്യ പാഠോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ച എറണാകുളം ജില്ലാതല ക്വിസ് മത്സര



ത്തിൽ അങ്കമാലി മുൻസിപാലിറ്റി ഹാളിൽ നടന്ന ചടങ്ങിൽ ചെയർമാൻ മാത്യു തോമസ് സർട്ടിഫിക്കറ്റ് വിതരണം ഉദ്ഘാടനം നിർവഹിച്ചു. ആഷ്ലി എൽദോ (സെന്റ് ജോൺസ് വടകര) സാന്ദ്ര മരിയ സോണി (ഹൈസ്കൂൾ രാമമംഗലം) ഗാഥ ടി.ഡി. (എസ്.എൻ.വി.എച്ച്.എസ്.എസ്., പറവൂർ) തെരേസ ടെജോ (ജി.വി.എച്ച്.എസ്.എസ്. കൈതാരം) എന്നിവരെ വിജയികളായി തിരഞ്ഞെടുത്തു.

## തൃശ്ശൂർ

ജില്ലയിൽ വിജയികളായ കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കണ്ണന്വാരിയർ നിർഹിച്ചു. സൂര്യനാരാ



യണൻ (ശ്രീകൃഷ്ണ എച്ച്.എസ്), നിഹാൽ എം. (ജി.യു.പി.എസ്.), ആദ്യ സതീഷ് (സി.എൻ.എൻ.ജി.എച്ച്.എസ്. ചേർപ്പ്), നിഹാരിക പി.ബി എന്നിവരാണ് വിജയികൾ.

## പാലക്കാട്

ക്വിസ് മത്സരം പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്നു. പറളി ഹൈസ്കൂളിലെ 9-ാംക്ലാസിലെ വിദ്യാർത്ഥി അജ്സൽ



കൂറ്റനാശ്ശേരി AUP സ്കൂളിലെ 7-ആം ക്ലാസ് വിദ്യാർത്ഥി ആനന്ദ് കൃഷ്ണ. പി.എം.ജി. എച്ച്. എസ്. സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥി ആയുഷ് രാജ് എന്നീ വിജയികളായ വിദ്യാർത്ഥികളെ ജില്ലാ കളക്ടർ ഡോ. എസ്. ചിത്ര IAS അനുമോദിച്ച് സംസാരിച്ചു.

## മലപ്പുറം

നീലക്കുറിഞ്ഞി ജൈവവൈവിധ പാഠോത്സവം മലപ്പുറം ജില്ലാ തല ക്വിസ് മത്സര വിജയികൾക്ക് ഡെപ്യൂട്ടി പ്ലാനിങ് ഓഫീസർ ജ്യോതി സർട്ടിഫിക്കറ്റുകൾ നൽകി. അഭിഷ്ണ സുനിൽ (വേങ്ങര ബ്ലോക്ക്), ഫളലുൽ റഹ്മാൻ കെ (വേങ്ങര



ബ്ലോക്ക്),നിധി ജയദേവ് (പൊന്നാനി ബ്ലോക്ക്), നഷ ഷെരീഫ് വി.പി (നിലമ്പൂർ ബ്ലോക്ക്) എന്നിവരാണ് വിജയികൾ.

## കോഴിക്കോട്

കോഴിക്കോട് ജില്ലാതല ക്വിസ് മത്സരം കൊയിലാണ്ടി ടൗൺഹാളിൽ വെച്ച് നടന്നു. നൊച്ചാട് ഹയർസെക്കൻഡറി സ്കൂളിലെ നിരഞ്ജന എസ് മനോജ്, GHSS കൊയിലാണ്ടിയിലെ അമിയ ദുർഗ ബാലുശ്ശേരിയിലെ അർച്ചന ആർ.വി.,



GHSS നടുവണ്ണൂരിലെ നവതേജ് എന്നീ വിജയികൾക്ക് ബയോ ഡൈവേഴ്സിറ്റി ബോർഡ് ജില്ലാ കോർഡിനേറ്റർ ഡോ. മഞ്ജു, റിട്ട അദ്ധ്യാപകൻ രാമചന്ദ്രൻ മാസ്റ്റർ തുടങ്ങിയവർ സർട്ടിഫിക്കറ്റ് കൈമാറി.

## വയനാട്

വയനാട് ജില്ലാ ക്വിസ് മത്സരം വിജയികൾക്ക് ജില്ല കളക്ടർ ഡോ. രേണു രാജ് ഐ.എ.എസ്., സബ്കളക്ടർ എന്നിവർ ചേർന്ന് സർട്ടിഫിക്കറ്റുകൾ നൽകി. ഉജ്ജ്വൽ കൃഷ്ണ എസ്.ആർ., ശരണ്യ



സി.വി., അഭിനവ് ആർ കെ, ദിൽനദ് ജെ എന്നിവരാണ് വിജയികൾ.

## കണ്ണൂർ

കണ്ണൂർ ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടന്ന ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് സബ് കലക്ടർ സന്ദീപ് കുമാർ ഐ.എ.എസ്. സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ശ്രീരാഗ് എൻ. ഇരിട്ടി




ബ്ലോക്ക്, വസുദേവ് ഒ. കണ്ണൂർ ബ്ലോക്ക്, അദ്വൈത് സുഷാജ് തലശ്ശേരി ബ്ലോക്ക്, മിഥാലി.പി പാനൂർ ബ്ലോക്ക് എന്നിവർ വിജയികളായി.

## കാസർഗോഡ്

ഹരിതകേരളം മിഷൻ ഹൊസ്ദുർഗ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച നീലക്കുറിഞ്ഞി ജില്ലാതല ക്വിസ് മത്സരത്തിൽ അശ്വഘോഷ് സി. ആർ. (GHSS കക്കാട്ട്), അഗ്രിമ ടി.വി. (GHSS ഉദിനൂർ), അഭിരാജ് എം. (GVHSS അമ്പലത്തറ), ആദിദേവ് എസ്. ദുർഗ്ഗ (HSS



കാഞ്ഞങ്ങാട്) എന്നിവർ വിജയികളായി. സിനിമാ നടൻ പി.പി. കുഞ്ഞികൃഷ്ണൻ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ചു.



പത്തനംതിട്ട ജില്ലയിൽ നീരുറവ് പദ്ധതിയുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നാൽക്കാലിക്കൽ തോടിന്റെ ഇരു വശങ്ങളിലും 800 മീറ്റർ നീളത്തിൽ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കുന്നു.



എറണാകുളം ജില്ലയിൽ എടത്തല ഗ്രാമപഞ്ചായത്ത് വാർഡ് 14 കുഴികാട്ടു കാവ് തോട്, വാർഡ് 3 ഉളിയനറാ കുളം തോട്, വാർഡ് 18 ആയുർവേദ തോട് , വാർഡ് 21 കല്ലങ്ങപറമ്പ് തോട് എന്നിവ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി.

# ഹരിതകേരളം മിഷൻ ഇന്റേൺഷിപ് പരിശീലന പരിപാടി



എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കുകയും വളർച്ചയുടെയും വികസനത്തിന്റെയും നീതി പൂർവ്വകമായ പുനർവിതരണം സാധ്യമാക്കുകയുമാണ് വികസന മിഷനുകളുടെ ലക്ഷ്യമെന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർ പേഴ്സണുമായ ഡോ. ടി. എൻ. സീമ അഭിപ്രായപ്പെട്ടു. ഹരിതകേരളം മിഷനിൽ ഇന്റേൺഷിപ് ട്രെയിനിമാരായി തിരഞ്ഞെടുക്കപ്പെടുന്നവർക്കായി തിരുവനന്തപുരത്ത് കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിൽ ആരംഭിച്ച ത്രിദിന പരിശീലന പരിപാടിക്ക് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു ഡോ. ടി. എൻ. സീമ. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും പരിസ്ഥിതി പുനഃസ്ഥാപനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് കേരളത്തിലെ ഹരിതകേരളം മിഷൻ പോലൊരു സംവിധാനമില്ല. കാലാവസ്ഥ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ, വികസനത്തിന്റെ രണ്ടാം നിര പ്രശ്നങ്ങളായ മാലിന്യ പ്രശ്നങ്ങൾ, ഇവ അഭിമുഖീകരിക്കുന്നതിനോടൊപ്പം പരിസ്ഥിതി, മരങ്ങൾ, മൃഗങ്ങൾ, മനുഷ്യർ തുടങ്ങി സകലരുടെയും ആരോഗ്യക്ഷേമം സദാ ശ്രദ്ധ നൽകേണ്ട വിഷയങ്ങളാണ്. ഇതിനായുള്ള പ്രവർത്തനങ്ങളിലേക്കാണ് ഹരിതകേരളം മിഷനിലെ ഇന്റേൺസ് വ്യാപൃതരാകുന്നത്. വിവിധ വകുപ്പുകൾ, അവിടെയുള്ള വിഭവങ്ങൾ, സാങ്കേതിക വൈദഗ്ധ്യം, മനുഷ്യവിഭവശേഷി, തുടങ്ങിയവ സമ്മേളിക്കുകയും അവയുടെ ഏകോപനത്തിന്റെ തട്ടകമായി വർത്തിക്കുകയും ചെയ്യുന്ന ഹരിതകേരളം മിഷനിലെ ഇന്റേൺഷിപ്പ് കാലം ക്രിയാത്മകമായി പ്രയോജനപ്പെടുത്തണമെന്ന് ഡോ.ടി. എൻ. സീമ ഇന്റേൺഷിപ് ട്രെയിനിമാർക്ക് നിർദ്ദേശം നൽകി. നവകേരളം കർമപദ്ധതിയിലെ വിവിധ മിഷനുകൾ, ഹരിതകേരളം മിഷനിലെ ശുചിത്വമാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി എന്നീ ഉപമിഷനുകൾ, വിവരവിജ്ഞാന വിനിമയ പ്രവർത്തനം തുടങ്ങിയവയെ അധികരിച്ച് നടക്കുന്ന ശിൽപ്പശാല 10.05. 2024 വെള്ളിയാഴ്ച്ച സമാപിച്ചു.



വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലെ അംബേദ്കർ പച്ചത്തുരുത്ത്



ഇടുക്കി ജില്ലയിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ 19 ഹരിത ബൂത്തുകളിൽ നിന്ന് ഹരിതകർമസേന ശേഖരിച്ച 37 കി.ഗ്രാം. ജൈവമാലിന്യം തുമ്പൂർമുഴി യൂണിറ്റിൽ സംസ്കരിച്ചപ്പോൾ.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Proof : Hanna Rubin JS, Aadil k Haneefa | Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in